(ഡി) പ്രസ്തുത സ്കൂളിൽ നിലവിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**എസ്.എസ്.എൽ.സി. ജയിച്ച എല്ലാവർക്കും ഉന്നതവിദ്യാഭ്യാസത്തിന് അവസരം**

96 (2156) ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എൽ. സി. പരീക്ഷയിൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടി പ്ലസ് ടു അഡ്മിഷന് അപേക്ഷ സമർപ്പിച്ചവർക്കെല്ലാം അഡ്മിഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഏകജാലക സംവിധാനത്തിലൂടെ ഹയർ സെക്കന്ററി ബോർഡ് തയ്യാറാക്കിയ പട്ടികയിൽപ്പെട്ടവർക്കെല്ലാം അഡ്മിഷൻ നൽകാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇനിയും അഡ്മിഷൻ ലഭിക്കാൻ പ്രസ്തുത ലിസ്റ്റിൽ എത്ര പേർ ശേഷിക്കുന്നുണ്ട് ;

(ഡി) നാഷണൽ ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്കും, സേ പരീക്ഷ ജയിച്ചവർക്കും ഉന്നത വിദ്യാഭ്യാസത്തിനു ചേരാൻ അവസരം ലഭിക്കുമോ ; ഇല്ലെങ്കിൽ അവരിൽ അർഹതപ്പെട്ടവർക്ക് പഠന സൗകര്യം നൽകാൻ എന്തെങ്കിലും നടപടി ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

**പ്ലസ് വൺ കോഴ്സിന് സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം**

97 (2157) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് വൺ കോഴ്സ് അഡ്മിഷന് സ്പോർട്ട്സിൽ പ്രാവീണ്യം നേടിയിട്ടുള്ള വിദ്യാർത്ഥികളിൽ ചിലർ യഥാസമയം സ്പോർട്സ് ക്വാട്ടയിൽ അപേക്ഷ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം വിദ്യാർത്ഥികൾക്ക് സ്പോർട്സ് ക്വാട്ടയിൽ അപേക്ഷ നൽകാൻ ഒരവസരം കൂടി നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly